# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.9/309/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2,3 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.9/309/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എൽസമ്മ എസ്, എ.ഒ (ഹ.ഗ്രേ)
റോയ് ടി.എം, അസി.ഓഡിറ്റ് ഓഫീസർ
സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. അജിത് കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| റ്റി.വി | | | |
| ജോജോസ് ബൈജു | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ഷിബു പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 04-07-2021 |
| ജയകല വി | സെക്രട്ടറി | 05-07-2021 | 08-10-2021 |
| ഷെയ്ക്ക് ബിജു സി.എസ് | സെക്രട്ടറി | 11-10-2021 | 31-03-2022 |
| വേക്കന്റ് | സെക്രട്ടറി | 09-10-2021 | 10-10-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സമീറ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.കണ്ണൻ | എം.ഒ അലോപ്പതി, മണ്ണഞ്ചേരി | 01-04-2021 | 31-03-2022 |
| ഡോ.സഫീർ | എം.ഒ അലോപ്പതി, കലവൂർ | 01-04-2021 | 31-03-2022 |
| ഡോ.ജയേഷ് | എം.ഒ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ഇന്ദു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ലക്ഷ്മി ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഉഷാകുമാരി | പ്രഥമാധ്യപിക, ഗവ.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| അജിത് കുമാർ വൈ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സൗമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| അനുരാജ് | അസി.ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| അനീഷ് കെ.പി | വി.ഇ.ഒ കണക്കുർ | 01-04-2021 | 31-03-2022 |
| ബാബുമോൻ | വി.ഇ.ഒ മണ്ണഞ്ചേരി | 01-04-2021 | 02-11-2021 |
| സന്ദീപ് | വി.ഇ.ഒ മണ്ണഞ്ചേരി | 03-11-2021 | 31-03-2022 |
| ഷിബു പി | അസി സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | I-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ . | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1 -3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | റിസോർട്ടുകൾ - വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-10 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 11000/- രൂപ ലൈസൻസ് ഫീ അടവാക്കി - | 1-11 |
| 13 | അഡ്വക്കേറ്റ് ഫീ - ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-12 |
| 14 | ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റത്തിനായി അധിക തുക നല്കിയത് | 1-13 |
| 15 | മരണം രജിസ്റ്റർ ചെയ്ത ശേഷവും പെൻഷൻ നല്കി വരുന്നു | 1-14 |
| 16 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വൈദ്യുതിച്ചാർജ്ജിനു പുറമെ മെയിന്റനൻസിനായി വൻതുക ചെലവഴിക്കുന്നു | 1-15 |
| 17 | അപകടകരമായി നിന്നിരുന്ന സ്വകാര്യ വ്യക്തിയുടെ മരം വെട്ടിയതിന്റെ ചെലവ് തിരികെ ഈടാക്കാത്തത് സംബന്ധിച്ച് | 1-16 |
| 18 | പൈപ്പ് ലൈൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക് വാങ്ങൽ - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ തുക നൽകി | 1-18 |
| 20 | മിനി എം.സി.എഫ് നിർമ്മാണം - ചെലവ് രേഖകൾ അപൂർണ്ണം, ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 22 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 23 | സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് പുന:ക്രമീകരിക്കാത്തതുമൂലം | 1-22 |

| | | |
|---|---|---|
| | പഞ്ചായത്തിന് വരുമാന നഷ്ടം | |
| 24 | സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം (പ്രോ.നം - 274/22) - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-23 |
| 25 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അധിക നിരക്കിൽ നൽകി | 1-24 |
| 26 | നിയമാനുസൃതമല്ലാതെ റോഡ് വർക്ക് നടത്തിയത് - തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 28 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ് | 1-27 |
| 29 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം അപാകതകൾ സംബന്ധിച്ച് | 1-28 |
| 30 | പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ - ക്വട്ടേഷൻ ഇല്ലാതെ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് | 1-29 |
| 31 | കമ്മ്യൂണിറ്റി ഹാൾ ടോയ്ലെറ്റ് ക്ലീനിംഗ് - ഉപയോഗിക്കാത്ത ദിവസങ്ങളിലും വേതനം നല്കിവരുന്നു | 1-30 |
| 32 | കാഷ്വൽ സ്വീപ്പർ വേതനം സംബന്ധിച്ച് | 1-31 |
| 33 | ബസ് സ്റ്റാന്റ് - അവധി ദിവസങ്ങളിൽ വണ്ടിപ്പേട്ട പിരിവ് നടത്തുന്നില്ല | 1-32 |
| 34 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 1-33 |
| 35 | പാലിയേറ്റീവ് കെയർ - ഭക്ഷണച്ചെലവ് നഴ്സിന്റെ അക്കൗണ്ടിലേക്ക് നല്കുന്നത് സംബന്ധിച്ച് | 1-34 |
| 36 | നിർദ്ദിഷ്ട വിൻഡോ മാതൃകയിൽ പത്രപ്പരസ്യം നൽകാത്തത് അധികചെചലവിന് ഇടയാക്കുന്നു | 1-35 |
| 37 | ലൈബ്രറിസെസ് | 1-36 |
| 38 | സി.എം.ഡി.ആർ.എഫ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കിയില്ല. | 1-37 |
| | **ഭാഗം 2** | |
| 1 | ലൈസൻസ് ഫീ കുറവായി ഈടാക്കിയത് | 2-1 |
| | **ഭാഗം 3** | |
| 1 | ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റത്തിനായി അധിക തുക നല്കിയത് | 3-1 |
| 2 | കറ്റാനം -കളത്തിൽ റോഡ് വർക്ക് - അധിക തുക നല്കിയത് നിരാകരിക്കുന്നു. | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ - | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## I-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 23.3.2021 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 394624877 | 365757093 |
| വാർഷിക കണക്ക് പ്രകാരം | 314,278,958.00 | 327,160,426.00 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 05-07-2022 |

## 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ .

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് (14509550) സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവുമായി (13299454) പൊരുത്തപ്പെടുന്നില്ല.

2) ജില്ലാ സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 30/3/2021, 31/3/2021 തീയതികളിൽ ഇഷ്യൂ ചെയ്തതും കാലാവധി കഴിഞ്ഞതുമായ ചെക്കുകൾ ഇപ്പോഴും Cheque Deposited But Not Collected എന്ന ഹെഡിൽ ഉൾപ്പെടുത്തി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ റസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3) ടോട്ടൽ സാനിട്ടേഷൻ ഗ്രാന്റിനത്തിലെ മുന്നിരിപ്പ് 5654914/- രൂപയും തൻവർഷത്തെ ചെലവ് 1613676/- രൂപയുമാണ്. ഇതനുസരിച്ച് 2641708/- രൂപയാണ് നീക്കിയിരുപ്പായി കാണേണ്ടത്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 4041238/- രൂപയാണ്.

4) ശുചിത്വ മിഷൻ ഗ്രാന്റിനത്തിലെ മുന്നിരിപ്പ് 386899/- രൂപയും തൻവർഷത്തെ വരവ്, ചെലവുകൾ യഥാക്രമം 230000/-, 230649/- രൂപവീതവുമാണ്. ഇതനുസരിച്ച് 386250/- രൂപയാണ് നീക്കിയിരുപ്പായി കാണേണ്ടത്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 436370/- രൂപയാണ്.

5)ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായുള്ള അക്കൗണ്ടിലെ നീക്കിയിരുപ്പ് ഷെഡ്യൂൾ RP-40(b), B-17 എന്നിവ പ്രകാരം 1211025/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ B-4 പ്രകാരമുള്ള ബാലൻസ് 1208145/- രൂപയാണ്. വ്യത്യാസം 2880/- രൂപ.

6) സംയുക്ത പദ്ധതി നീക്കിയിരുപ്പ് സംബന്ധിച്ച് RP-40(b)ലെ തുക (891769) B-4ലെ തുകയുമായി (892289) പൊരുത്തപ്പെടുന്നില്ല.

7) വൈദ്യുതി ബോർഡ് മുഖേനയുള്ള നിക്ഷേപ പ്രവർത്തികൾക്കായി തൻവർഷം 1833231/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ടി തുക ഷെഡ്യൂൾ RP-49ൽ (Loans, Advance & Deposit) ഉൾപ്പെട്ടിട്ടില്ല.

8) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ഉൾപ്പെട്ടിട്ടുള്ള നിക്ഷേപ പ്രവർത്തികൾക്ക് തുക നൽകിയതിന്റെ വിവരം (വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി മുഖേനയുള്ള നിക്ഷേപ പ്രവർത്തികൾ ഒഴികെ) ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

9) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ജയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ, നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന

സാധ്യമായില്ല.

## 1 -3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25,668,457.00 |
| വരവ് | 129942776.00 |
| ആകെ | 155,611,233.00 |
| ചെലവ് | 132863708.00 |
| നീക്കിയിരിപ്പ് | 22,747,525.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | തൻവർഷ ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 29998000 | 29998000 | 8842192 | 21150057 | 5751 (ലാപ്സായി) |
| വികസന ഫണ്ട്- എസ്.സി.പി | 0 | 7598238 | 7598238 | 80008 | 7080308 | 437922 (ലാപ്സായി) |
| വികസന ഫണ്ട്- ടി.സി.പി | 0 | 100500 | 100500 | 0 | 78000 | 22500 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) | 0 | 7553385 | 7553385 | 0 | 6803875 | 616707 (ലാപ്സായി) 260938 (ബാങ്ക്) പലിശ ഉൾപ്പെടെ |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 17454565 | 17454565 | 0 | 7705675 | 2283790 (ലാപ്സായി) 7465100 (ബാങ്ക്) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 8365661 | 8365661 | 0 | 7699307 | 666354 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 11695287 | 11695287 | 0 | 8489676 | 3205611 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 241 | 3239474971 | 178 | 104567105 | - | 63 | 73.8 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1611980 | 1272465 | 2884445 | 1673420 | 1211025 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 85901514 | 85901514 | 85901514 | 0 |
| ആകെ | 1611980 | 87173979 | 88785959 | 87574934 | 1211025 |

## 1-7 ക്ഷേമ പദ്ധതികൾ

| പേര് | ചെലവ് | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 204,960.00 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 11,421,100.00 | 746 |
| വിധവ പെൻഷൻ | 22,451,500.00 | 1586 |
| വാർദ്ധക്യകാല പെൻഷൻ | 56,962,500.00 | 4751 |
| വികലാംഗ പെൻഷൻ | 11,999,800.00 | 792 |
| അവിവാഹിത പെൻഷൻ | 1,611,600.00 | 163 |
| പെൺമക്കളുടെ വിവാഹധനസഹായം | 360,000.00 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2023 3pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1974/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അതിനോടൊപ്പം ഏർപ്പെടുത്തിയിട്ടുള്ള ഹെൽപ്പ് ഡെസ്ക് സംവിധാനം പഞ്ചായത്തിന്റെ സേവനങ്ങൾ വളരെ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് വളരെയധികം സഹായകരമാണ്.

2. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങളും വിതരണ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിനിയോഗ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒരു പ്രവർത്തിയിലും പൂർത്തീകരണ സർട്ടിഫിക്കറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. തുടർ നടപടികളുടെ സമയോചിതമായ അഭാവം മൂലം ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ അവശേഷിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന - ക്ഷേമകാര്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 റിസോർട്ടുകൾ - വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

1. താഴെപ്പറയുന്ന റിസോർട്ടുകളുടെ വസ്തു നികുതി നിർണ്ണയത്തിൽ അപാകതകൾ കാണുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം/ഉടമ | വിസ്തീർണ്ണം (ച.മീ.) | അപാകത |
|---|---|---|---|---|
| 1 | 4/340 | എസ്.ഡി.ഷിബുലാൽ, സൗപർണ്ണിക | 988.24 G.F.<br>85.14- F.F.<br>ആകെ-1073.38 | D&O ലൈസൻസിനുള്ള അപേക്ഷ ക്രമ നം. 78 പ്രകാരം ഈ കെട്ടിടത്തിൽ അമൽ താമര റിസോർട്ടിനായി ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം റിസോർട്ടിനുള്ള 90/- രൂപ നിരക്കിനുപകരം പാർപ്പിടാവശ്യത്തിനായുള്ള 7/- രൂപ നിരക്കിലാണ് പഞ്ചായത്തിൽ നിന്നും നികുതി |

| | | | | |
|---|---|---|---|---|
| | | | | നിർണ്ണയിച്ചിട്ടുള്ളത്.<br>കുറവ് :<br>(1073.38x90=96604.20)- (1073.38x7=7513.66)=<br>89090.54<br>ബാധകമായ മറ്റ് വർദ്ധനവുകൾ/ഇളവുകൾ നല്കി നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 2 | 10/840 I,J,K,L | ഇ.എം.ബേബി, മഠത്തിൽ ഹൗസ് | I – 348.33<br>J – 348.7<br>K-353.84<br>L -353.84<br>ആകെ-1404.71 | D&O ലൈസൻസിനുള്ള അപേക്ഷ ക്രമ നം. 110 പ്രകാരം 10/840 A മുതൽ L വരെയുള്ള കെട്ടിടങ്ങളിൽ ലേക്ക് കനോപ്പി റിസോർട്ടിനായി ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളിൽ A മുതൽ H വരെയുള്ള കെട്ടിടങ്ങൾക്ക് റിസോർട്ടിനുള്ള 90/- രൂപ നിരക്കിലും I മുതൽ L വരെയുള്ള കെട്ടിടങ്ങൾക്ക് ഹോം സ്റ്റേയ്ക്കുള്ള 60/- രൂപ നിരക്കിലുമാണ് പഞ്ചായത്തിൽ നിന്നും നികുതി നിർണ്ണയിച്ചിട്ടുള്ളത്.<br>(1404.71x90=126423.90) -<br>(1404.71x90 84282.60)<br>= 42141.30<br>ബാധകമായ മറ്റ് വർദ്ധനവുകൾ/ ഇളവുകൾ നല്കി നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |

മേൽ സ്ഥാപനങ്ങളിലെ സ്വിമ്മിംഗ് പൂളുകളുടെ വിസ്തൃതി വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിട്ടുണ്ടോ എന്നും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/23.1.23) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെയും സ്വിമ്മിംഗ് പൂളുകളുണ്ടെങ്കിൽ അവയുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2. താഴെപ്പറയുന്ന കെട്ടിടങ്ങൾ റിസോർട്ടുകൾക്കായി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും D & O ലൈസൻസ് എടുത്തിട്ടില്ല.

എ) 4/341A (SGK Investment Trust, Manager- Sunder Naik)

ബി) 10/78 A- L (ജോസ് ജോർജ്ജ്, കാരാച്ചിറ ഹൗസ്)

മേൽ സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് നേടിയ വിവരം അറിയിക്കേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 11000/- രൂപ ലൈസൻസ് ഫീ അടവാക്കി -

ഗ്രാമപഞ്ചായത്തിലെ ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| ലൈസൻസ് രജി. ക്രമ നം. | അപേക്ഷകൻ /സ്ഥാപനം | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 78 | അമൽ താമര റിസോർട്ട് | 120040103865/26.3.21 | 15000 | 4000 | 11000 |
| | പൊലൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /ICO-6367/2020/29.1.20 പ്രകാരം മൂലധന നിക്ഷേപം 950 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സേവനമേഖലയിലെ ഈ സ്ഥാപനം ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 110 | ലേക് കനോപ്പി റിസോർട്ട് | 120040104119/30.3.21 | 15000 | 4000 | 11000 |
| | പൊലൂഷൻ കൺട്രോൾ ബോർഡിന്റെ PCB/ALP/ICO-5546/2019/17.11.19 പ്രകാരം മൂലധന നിക്ഷേപം 600 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സേവനമേഖലയിലെ ഈ സ്ഥാപനം ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

| | | | | | |
|---|---|---|---|---|---|
| | | ആകെ | | | 22000 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.13/23.1.23) അമൽ താമര റിസോർട്ട് 11000/- രൂപ അടവാക്കുകയുണ്ടായി (രസീത് നം.1221003426/24.1.23). ലേക് കനോപ്പി റിസോർട്ട് എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും നോട്ടീസ് നല്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 അഡ്വക്കേറ്റ് ഫീ - ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച്

Income Tax Act – 194 J പ്രകാരം ഒരു സാമ്പത്തികവർഷം 30000/- രൂപയിൽ കൂടുതൽ പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ നല്കുമ്പോൾ 10% തുക ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് വിവിധ കേസുകൾക്കായി അഡ്വ.ശ്രീ. വി.സതീഷിന് വൗച്ചർ നം. 358/29.7.21 – ചെക്ക് നം.2870299 പ്രകാരം 2021-22 സാമ്പത്തികവർഷം 84000/- രൂപ നല്കിയിട്ടുണ്ട്. ഈ തുകയിൽ നിന്നും നികുതി കുറവ് ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/21.1.23) മറുപടി ലഭ്യമാക്കിയില്ല. 8400/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-13 ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റത്തിനായി അധിക തുക നല്കിയത്

ബഹു. ജില്ലാ കളക്ടർ ക്വട്ടേഷൻ ക്ഷണിച്ച് നടത്തിയ പദ്ധതിയിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ടാങ്കറിൽ കുടിവെള്ളം എത്തിച്ച വാഹനത്തിന്റെ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റത്തിനായി Neswa Solutions Pvt. Ltd. എന്ന സ്ഥാപനത്തിന് പ്രതിമാസം 1300/- രൂപയും 18% ജി.എസ്.ടി.യുമാണ് നല്കേണ്ടത്. കുടിവെള്ള വിതരണം ചെയ്ത രേഖകൾ പ്രകാരം 02.4.21 മുതൽ 31.05.21 വരെ മാത്രമാണ് കുടിവെള്ളം വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ മേൽ സ്ഥാപനത്തിന് 2 മാസത്തെ തുകയ്ക്കുപകരം 3 മാസത്തെ തുകയും ജി.എസ്.ടി.യും നല്കിയിരിക്കുന്നു. (വൗച്ചർ നം.355/29.7.21 പ്രകാരം 4602/- രൂപ). ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/21.1.23) മറുപടി ലഭ്യമാക്കിയില്ല. അധികമായി നല്കിയ 1534/- രൂപയുടെ (1300+ 234(18%) ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മരണം രജിസ്റ്റർ ചെയ്ത ശേഷവും പെൻഷൻ നല്കി വരുന്നു

തൻവർഷം മരണം രജിസ്റ്റർ ചെയ്ത താഴെപ്പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും തുക നല്കി വരുന്നതായി കാണുന്നു.

| പെൻഷണർ ഐ.ഡി. നം. | പേര്, വിലാസം | മരണം (രജി. നം.) | മരണ ശേഷം തുക നല്കി കാലയളവ് | അക്കൗണ്ട് നം. | ആകെ തുക |
|---|---|---|---|---|---|
| 104450203344 (വാർദ്ധക്യകാല പെൻഷൻ) | നാരായണി.കെ 15/235, തെക്കേവെളി, മണ്ണഞ്ചേരി P.O, | 09.03.21 (105/21 ) | 4/2021 - 11/2022 | 32986570380 (SBIN0008622) | *600X 15 =9000+1600x5 =8000 = 17000/- |
| 104450203198 | ശിവൻ 9/144, കാട്ടുവേലിക്കകത്ത്, മണ്ണഞ്ചേരി P.O, 688538 | 21.3.21 (107/21) | 4/2021 - 11/2022 | 67246207985 (SBIN0070583 | 600x20 =12000/- |
| 104450204015 | ചെല്ലപ്പൻ 5/875, കളരിക്കൽ, മണ്ണഞ്ചേരി P.O | 21.5.21 (145/21-15.6.21) | 7/2021 - 11/2022 | 67141892015 (SBIN0070317) | **600X4= 2400+1600x13 =20800 = 23200/- |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 52200/- |

* 2021 ഏപ്രിൽ മുതൽ 2022 ജൂൺ വരെ 600/- രൂപ വീതവും 2022 ജൂലൈ മുതൽ 1600/- രൂപ വീതവും നല്കിയതായി കാണുന്നു.

**4 മാസം 600/- രൂപ വീതവും മറ്റ് മാസങ്ങളിൽ 1600/- രൂപ വീതവും നല്കിയതായി കാണുന്നു.

മരണ രജിസ്ട്രേഷൻ നം. 99 മുതൽ 150 വരെയുള്ളതിൽ വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ മാത്രം മുകളിൽ സൂചിപ്പിച്ചിട്ടുള്ള മരണമടഞ്ഞ 3 പേർക്ക് പെൻഷൻ തുടർന്നുവരുന്നതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/24.1.23) മറുപടി ലഭ്യമാക്കിയില്ല.
അധികം നല്കിയ തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ബാക്കിയുള്ള മരണ രജിസ്ട്രേഷനുകളും പരിശോധിച്ച് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണമടഞ്ഞവരുടെ അക്കൗണ്ടിലേക്ക് തുടർന്ന് യാതൊരുവിധ പെൻഷനും നല്കിവരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വൈദ്യുതിച്ചാർജ്ജിനു പുറമെ മെയിന്റനൻസിനായി വൻതുക ചെലവഴിക്കുന്നു

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി 3 കരാർ ജീവനക്കാരെ നിയമിച്ച് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നല്കിവരുന്നു. കൂടാതെ ഈ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നു. ഏതു പദ്ധതിയിലുൾപ്പെടുത്തിയാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളതും വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളതും, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി വാങ്ങിയ സാധനങ്ങളുടെ ക്വട്ടേഷൻ വിവരങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, തെരുവു വിളക്കുകളെ സംബന്ധിച്ച പരാതി രജിസ്റ്റർ, റിപ്പയറിംഗിനുശേഷം കേടായ സാധനങ്ങൾ തിരികെ ഏല്പിച്ചതിന്റെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, മെയിന്റനൻസ് രജിസ്റ്റർ, പഞ്ചായത്തിലെ തെരുവു വിളക്കുകളെ സംബന്ധിച്ച കണക്കുകൾ, വാഹനം എടുത്തതിന്റെ ക്വട്ടേഷൻ വിവരങ്ങൾ, മെയിന്റനൻസ് ജോലികൾ കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിലാണ് നടത്തിയതെന്ന സാക്ഷ്യപത്രം എന്നീ വിവരങ്ങളും രസീത് നം.1210107893/31.3.22 പ്രകാരം മേൽ ഇലക്ട്രീഷന്മാരിൽ 6360/- രൂപ പെനാൽറ്റി ഈടാക്കാനുണ്ടായ സാഹചര്യം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/21.1.23) മറുപടി ലഭ്യമാക്കിയില്ല.
ഇലക്ട്രീഷ്യന്മാരുടെ വേതനമിനത്തിൽ 2021-22 സാമ്പത്തികവർഷം 544580/- രൂപയും വാഹനവാടകയിനത്തിൽ 199750/- രൂപയുമുൾപ്പെടെ ആകെ 744330/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2021 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ 2 വ്യക്തികൾക്കും പിന്നീടുള്ള മാസങ്ങളിൽ 3 വ്യക്തികൾക്കുമാണ് വേതനം നല്കിയിട്ടുള്ളത്. മുൻവർഷങ്ങളിൽ തുടർന്നുവരുന്ന 2 പേരെക്കൂടാതെ മൂന്നാമത്തെയാളെ നിയമിച്ചത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമായില്ല. നിയമിതരായ 3 പേർക്കും സർക്കാരിന്റെ ദിനവേതന നിരക്കായ 730/- രൂപ നിരക്കിൽ എല്ലാ ദിവസവും വേതനം നല്കിവരുന്നു. വാഹനം വാടകയ്ക്കെടുക്കുന്നതിനായി പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചിട്ടുമില്ല. പഞ്ചായത്തിൽ നിന്നും വാങ്ങി നല്കിയ റിപ്പയറിംഗ് സാധനങ്ങളുടെ വില കൂടി ഉൾപ്പെടുത്തുമ്പോൾ വൻ തുകയാണ് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി മാത്രം ചെലവഴിക്കുന്നത്.
തെരുവു വിളക്കുകൾ അറ്റകുറ്റപ്പണിക്കായി ഇപ്രകാരം 3 ജീവനക്കാരെ നിയമിച്ചത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് പഞ്ചായത്ത് വ്യക്തമാക്കിയില്ല. തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ., തീ. 15.9.21 പ്രകാരവും അടാട്ട് മാതൃക അവലംബിക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. ജി.2-44274/2015/തീയതി.17.8.2015 പ്രകാരവും തെരുവു വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2 പേരെ നിയമിക്കുന്നതിനും പരാതി രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ ഒരു ദിവസം റിപ്പയറിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനും ജോലികൾ തീരാത്തപക്ഷം ഒരു ദിവസം കൂടി ജോലി ചെയ്യാമെന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്.
മെയിന്റനൻസിനായി നിയോഗിച്ചിട്ടുള്ളവർ എല്ലാദിവസവും ഒരു വാർഡിലെ 15 ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുന്നതായാണ് ജോലി ഡയറി പ്രകാരം കാണിച്ചിട്ടുള്ളത്. ലൈറ്റുകൾ കേടാകുന്നതു സംബന്ധിച്ച പരാതി രജിസ്റ്ററും ഇല്ല. എല്ലാ മാസവും ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 23 വാർഡിലും 15 എണ്ണം വീതം മെയിന്റനൻസ് നടത്തുന്നതായാണ് കാണുന്നത്. ഇത്രയും സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസിനു വേണ്ടി 3 പേർക്ക് 730/- രൂപ നിരക്കിൽ 2190/- രൂപയും വാഹന വാടക 850/- രൂപയും ഉൾപ്പെടെ പ്രതിദിനം 3040/- രൂപ ചെലവിടുന്നത്. ഇതു കൂടാതെ മാറിയിടുന്ന സാധനങ്ങളുടെ വിലയും പഞ്ചായത്ത് വഹിക്കുന്നു.
വ്യക്തമായ നിയമന വിവരങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ ഇല്ലാതെയും മറ്റു ഗ്രാമപഞ്ചായത്തുകളൊന്നും നടപ്പാക്കാത്ത മേൽ രീതിയിലും നിയമനങ്ങൾ നടത്തി വേതനം നല്കുന്നതും സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് നടത്തുന്നതു മൂലവും പഞ്ചായത്തിന് വൻ സാമ്പത്തികബാധ്യത വരുന്നുണ്ട്. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണത്തിനനുസരിച്ചും

പരാതി രജിസ്റ്ററിന്റെ അടിസ്ഥാനത്തിലും മെയിന്റനൻസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 അപകടകരമായി നിന്നിരുന്ന സ്വകാര്യ വ്യക്തിയുടെ മരം വെട്ടിയതിന്റെ ചെലവ് തിരികെ ഈടാക്കാത്തത് സംബന്ധിച്ച്

1. കെ.എസ്.ഇ.ബി.യുടെ ലൈനിലേക്ക് അപകടകരമായി നിന്നിരുന്ന മരം നീക്കം ചെയ്തപ്പോൾ കെ.എസ്.ഇ.ബി.യിൽ അടവാക്കിയ തുക എന്ന് കാണിച്ച് 2128/- രൂപ വൗച്ചർ നം.337/23.7.21/Ch. 63942 പ്രകാരം ശ്രീ. ബാലകൃഷ്ണൻ എന്ന വ്യക്തിക്ക് Refund ചെയ്ത് നല്കിയിട്ടുണ്ട്. ഇപ്രകാരം തുക Refund ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയില്ല.

2. വൗച്ചർ നം.1083/17.12.21 പ്രകാരം ശ്രീ. രഞ്ജൻകുമാർ, കേളംപറമ്പിൽ, നോർത്ത് ആര്യാട് എന്നയാളുടെ സ്വകാര്യ വസ്തുവിൽ കെ.എസ്.ഇ.ബി. ലൈനിലേക്കും അയൽക്കാരന്റെ വീടിനുമുകളിലേക്കും അപകടകരമായി നിന്നിരുന്ന മരങ്ങൾ പലതവണ വസ്തുഉടമയ്ക്ക് നോട്ടീസ് നല്കിയിട്ടും വെട്ടാതിരുന്നതിനാൽ ചെലവ് തിരികെ ടിയാനിൽ നിന്നും ഈടാക്കുന്നതാണെന്ന നോട്ടീസിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് 9000/- രൂപ ചെലവഴിച്ച് വെട്ടിമാറ്റിയിട്ടുണ്ട്. ചെലവഴിച്ച തുക ടിയാനിൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനും മേൽ ഖണ്ഡികപ്രകാരം റീഫണ്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/21.1.23) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 11128/- (2128 + 9000) തടസ്സപ്പെടുത്തുന്നു.

## 1-17 പൈപ്പ് ലൈൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ (സംക്ഷിപ്തം) അടിസ്ഥാനത്തിൽ താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരം 50,16,000/- വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഫണ്ട് ഇനം | ഒടുക്കിയ തുക |
|---|---|---|---|
| 1 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (നം 127/22) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 46,00,000/- |
| 2 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - അധിക തുക നൽകൽ (279/22) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,16,000/- |

വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ ഒടുക്കേണ്ട തുക 50,40,000/- രൂപയാണ്. എന്നാൽ 50,16,000/- രൂപ മാത്രമാണ് പഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ ഉണ്ടാക്കിയ കരാർ (നം 13/2021-22 Dt 31/03/2022) അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ലഭിച്ച് ആറ് മാസത്തിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കുന്നതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനും വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിശദമായ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം 18/23.1.23) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. വിശദമായ എസ്റ്റിമേറ്റ് ലഭ്യമല്ലാത്തിനാൽ ഏതൊക്കെ വാർഡുകളിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര മീറ്ററിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴവൻ തുകയും നൽകാത്തതിനാൽ വാട്ടർ അതോറിറ്റി ടി പ്രവർത്തി നിലവിലും ആരംഭിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 50,16,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് നാളിതുവരെ 1,03,98,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക ഏതൊക്കെ വർഷത്തെ പദ്ധതികൾക്കായാണ് നിക്ഷേപിച്ചതെന്നുള്ള വർഷം തിരിച്ചുള്ള (പ്രോജക്ട് നം, പേര്, തുക) വിവരം ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻവർഷം നൽകിയ തുകയുടെ വിവരം മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഓരോ വർഷവും സർക്കാർ അനുവദിക്കുന്ന പദ്ധതിപ്പണം നിക്ഷേപ പ്രവർത്തികൾക്കായി മറ്റ് ഏജൻസികൾക്ക് കൈമാറുന്നതോടെ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. തുടർ മോണിട്ടറിംഗിന്റെ അഭാവം മൂലം കോടിക്കണക്കിന് രൂപ വാട്ടർ അതോറിറ്റി പോലെയുള്ള സ്ഥാപനങ്ങളിൽ നിഷ്ക്രിയമായി കിടക്കുന്നു. ഇതുസംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/23.1.23) വിശദീകരണം ലഭ്യമാക്കിയില്ല. അടിയന്തരമായി നാളിതുവരെ നിക്ഷേപിച്ച തുകയുടെ കൃത്യമായ വിവരം ശേഖരിച്ച് പൂർത്തീകരിച്ച പ്രവർത്തികളുടെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം 5517/30.3.2022 - 46,00,000/-

ബിൽ നം 5532/30.3.2022 - 4,16,000/-

## 1-18 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക് വാങ്ങൽ - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ തുക നൽകി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ച 123/22 നമ്പർ പ്രോജക്ട് പ്രകാരം അറേബ്യൻ ക്ലോത്തിംഗ്, കല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും 85000 എണ്ണം മാസ്ക് വാങ്ങിയതിന് മാസ്ക് ഒന്നിന് 5.75 രൂപ (5% നികുതി ഉൾപ്പെടെ) ക്രമത്തിൽ 488750/- രൂപയുടെ ഇൻവോയ്സ് (നം. 0000015/13.5.21) സ്ഥാപനം നൽകുകയുണ്ടായി. സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്ത് നൽകേണ്ട തുക 4,46,250/- രൂപയിൽ നിജപ്പെടുത്തി ബിൽ നം 6911/ 1.6.2021 പ്രകാരം സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. 2,50,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളിൽ, സ്ഥാപനത്തിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്ത് ഈടാക്കണമെന്ന വ്യവസ്ഥ പാലിക്കാതെയാണ് തുക നൽകിയത്. നികുതി ഒഴികെയുള്ള ബിൽ തുകയുടെ 2% തുകയായ 9316/- രൂപ എത്രയുംവേഗം അറേബ്യൻ ക്ലോത്തിംഗ്, കല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 30/24.1.23) വിശദീകരണം ലഭ്യമാക്കിയില്ല.

## 1-19 മിനി എം.സി.എഫ് നിർമ്മാണം - ചെലവ് രേഖകൾ അപൂർണ്ണം, ചെലവ് തടസ്സപ്പെടുത്തുന്നു.

അജൈവ മാലിന്യ സംസ്കരണത്തിനായി മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനായി ഏറ്റെടുത്ത മേൽ പ്രോജക്ട് (നം. 128/22) പ്രകാരം മിനി എം.സി.എഫ് നിർമ്മിച്ച് സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ പാലക്കാട് ഐ.ആർ.റ്റി.സി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും ഐ.ആർ.റ്റി.സി-യും തമ്മിൽ 27/10/2021ൽ ഉണ്ടാക്കിയ ധാരണാപത്രം അനുസരിച്ച് 23 വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 88000/- രൂപ ക്രമത്തിൽ ആകെ 20,24,000/- രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ 50% തുക അഡ്വാൻസായി നൽകേണ്ടതും അഡ്വാൻസ് തുകയുടെ 90% ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് 25% തുക വീതം രണ്ട് ഗഡുക്കളായി നൽകേണ്ടതാണ്. ധാരണാപത്രം പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്ന് മാസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ, താഴെപറയും പ്രകാരം 19,80,000/- രൂപ ഐ.ആർ.റ്റി.സി-യ്ക്ക് തൻവർഷം കൈമാറിയിട്ടുണ്ട്.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 01 | 21/2/2022 | 1012000/- |
| 02 | 26/3/2022 | 947000/- |
| 03 | 30/3/2022 | 21000/- |
| | ആകെ | 19,80,000/- |

ഐ.ആർ.റ്റി.സി 23 യൂണിറ്റുകൾ സ്ഥാപിച്ച് നൽകിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന കൃത്യമായ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ 11 യൂണീറ്റുകൾ സ്ഥാപിച്ച് നൽകിയതിന്റെ ഇൻവോയ്സ് (നം. 249/23.03.2022 തുക 968,000/-) മാത്രമാണ് ഐ.ആർ.റ്റി.സി-യിൽ നിന്നും ഹാജരാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ശേഷിക്കുന്ന 12 യൂണീറ്റുകൾ സ്ഥാപിച്ചതിന്റെ ബില്ലും ഇൻസ്റ്റലേഷൻ റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 29/24.1.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഐ.ആർ.റ്റി.സി സ്ഥാപിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ള 23 യൂണീറ്റുകൾ ഏതൊക്കെ

വാർഡുകളിലാണെന്ന കൃത്യമായ വിവരത്തോടൊപ്പം 12 യൂണിറ്റുകൾ സ്ഥാപിച്ചതിന്റെ ബില്ലും ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഐ.ആർ.റ്റി.സി-യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ 19,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം 126/22) എന്ന പദ്ധതിയ്ക്കായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1725000/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 108231/- രൂപയും ഉൾപ്പെടെ ആകെ 18,33,231/- രൂപ തൻവർഷം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ താഴെപറയുന്ന വാർഡുകളിലെ പ്രവൃത്തികൾക്കായാണ് ടി തുക നിക്ഷേപിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാർഡ് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കാട്ടുങ്കൽ - പുത്തൻചന്ത റോഡ് | 7 | 132590 |
| 2 | പൂവത്തുങ്കൽ - വല്യാശ്ശേരി റോഡ് | 8 | 149270 |
| 3 | പുഷ്പമംഗലം - ചെമ്പകശ്ശേരി റോഡ് | 9 | 92970 |
| 4 | പ്രാർത്ഥനാ സമിതി - ചിറയിൽ റോഡ് | 11 | 129390 |
| 5 | കുന്നേപ്പാടം ജവഹർ റോഡ് - പറത്തറ കല്ലുങ്കൽ റോഡ് | 12 | 134270 |
| 6 | ലെനിൻ കോർണർ - മറ്റത്തിൽ വെളി റോഡ് | 13 | 128815 |
| | ആപ്പിൽ ഹോം സ്റ്റേ നോർത്ത സൈഡ് റോഡ് | 14 | 134800 |
| 7 | പുന്നയ്ക്കാവെളി - നരിച്ചാംപള്ളി & SNDP – OLH റോഡ് | 16 | 154970 |
| 8 | കുന്നേൽ മസ്ജിദ് റോഡ് | 17 | 135080 |
| 9 | ചെമ്പകശ്ശേരി & വീരുശ്ശേരി - സംഗീത റോഡ് | 18 | 136500 |
| | എ.എസ് കനാൽ റോഡ് | 22 | 137710 |
| | ക്രസന്റ് - പി.ഡി.പി മുക്ക് | 20 | 87220 |
| | T0tal | | 1553585 |
| | GST @ 18% | | 279646 |
| | Grand Total | | 1833231 |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം 19/23.1.23) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. പ്രവർത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 1833231/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വാർഷിക കണക്ക് പ്രകാരം നാളിതുവരെ 1,67,15,269/- രൂപ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക ഏതൊക്കെ വർഷത്തെ പദ്ധതികൾക്കായാണ് നിക്ഷേപിച്ചതെന്നുള്ള വർഷം തിരിച്ചുള്ള (പ്രോജക്ട് നം, പേര്, തുക) വിവരം ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഓരോ വർഷവും സർക്കാർ അനുവദിക്കുന്ന പദ്ധതിപ്പണം നിക്ഷേപ പ്രവർത്തികൾക്കായി മറ്റ് ഏജൻസികൾക്ക് കൈമാറുന്നതോടെ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. തുടർ മോണിട്ടറിംഗിന്റെ അഭാവം മൂലം കോടിക്കണക്കിന് രൂപ വൈദ്യുതി ബോർഡ് പോലെയുള്ള സ്ഥാപനങ്ങളിൽ നിഷ്ക്രിയമായി കിടക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 19/23.1.23) വിശദീകരണം ലഭ്യമാക്കിയില്ല. നാളിതുവരെ നിക്ഷേപിച്ച തുകയുടെ കൃത്യമായ വിവരം ശേഖരിച്ച് പൂർത്തീകരിച്ച പ്രവർത്തികളുടെ പൂർത്തീകരണ, ധനവിനിയോഗ

സാക്ഷ്യപത്രം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം 510/ 31.3.2022 - 1725000/- (സി.എഫ്.സി)

വൗച്ചർ നം 22101748/ 31.3.2022 - 108231/- (ജില്ലാ പഞ്ചായത്ത് വിഹിതം)

## 1-21 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ (പ്രോ.നം. 254/22), ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ (പ്രോ.നം. 237/22) എന്നീ പ്രോജക്ടുകൾ പ്രകാരം ആർ.ജെ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഏസർ കമ്പനിയുടെ ആറ് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 3,00,008/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വാങ്ങലുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിന്റേയോ, സർക്കാർ അംഗീകൃത ഓൺലൈൻ പോർട്ടലിൽ നിന്നും വാങ്ങിയതിന്റേയോ രേഖകൾ ഫയലിൽ സൂക്ഷിച്ചില്ല. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങൽ എപ്രകാരമാണ് നടത്തിയതെന്നതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/23.1.23) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 3,00,008/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം. 2028/11.3.22 – 79387/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

വൗച്ചർ നം. 22101579/ 17.3.22 – 20629/- (തനത് ഫണ്ട്)

വൗച്ചർ നം. 22101580/ 17.3.22 - 199992/- (തനത് ഫണ്ട്)

## 1-22 സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് പുന:ക്രമീകരിക്കാത്തതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയിൽ ഒരു ഭാഗം ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് 2,28,78,425/- രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്. ഇതിൽ 14,15,115/- രൂപ തൻവർഷം പലിശയിനത്തിൽ ലഭിച്ചിട്ടുള്ളതാണ്. വിവിധ കാലയളവിൽ ആരംഭിച്ചിട്ടുള്ള രണ്ട് സ്ഥിരനിക്ഷേപങ്ങളിൽ ഒരെണ്ണം ഒരു വർഷക്കാലയളവിലേക്ക് 6.75% പലിശ നിരക്കിലും മറ്റൊന്ന് ആറ് മാസത്തേയ്ക്ക് 6.25% പലിശ നിരക്കിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | എഫ്.ഡി അക്കൗണ്ട് നം. | നിക്ഷേപിച്ച തുക | പലിശ നിരക്ക് | കാലയളവ് |
|---|---|---|---|---|
| 01 | 4679 | 1,07,71,359 | 6.75 | 18.3.21 മുതൽ 17.3.22 വരെ |
| 02 | 3258 | 1,09,92,751 | 6.25 | 9.9.21 മുതൽ 8.3.22 വരെ |

മേൽ പരാമർശിച്ചിട്ടുള്ള എഫ്.ഡി രസീതുകൾ പരിശോധിച്ചതിൽ, ക്രമ നം 1 പ്രകാരമുള്ള സ്ഥിര നിക്ഷേപം ഒരു വർഷ കാലയളവിലേയ്ക്കുള്ളതും രണ്ടാമത്തേത് ആറ് മാസത്തേയ്ക്കുള്ളതുമാണ്. 4679 പ്രകാരമുള്ള സ്ഥിര നിക്ഷേപത്തിന് 6.75% നിരക്കിൽ പലിശ ലഭിക്കുമ്പോൾ 3258 പ്രകാരമുള്ളതിന് 6.25% നിരക്കിലാണ് പലിശ ലഭിക്കുന്നത്. വ്യത്യസ്ത കാലയളവിലേയ്ക്ക് നിക്ഷേപിച്ചതുമൂലം പ്രിൻസിപ്പൽ തുക ഏറെക്കുറെ തുല്യമാണെങ്കിലും ആദ്യത്തെ നിക്ഷേപത്തിന് 747610/- രൂപ പലിശ ലഭിച്ചപ്പോൾ രണ്ടാമത്തേതിന് 667505/- രൂപ മാത്രമാണ് പലിശ ലഭിച്ചത്. പലിശയിനത്തിൽ 80,105/- രൂപയുടെ വ്യത്യാസം. മേൽ പറയുന്ന രണ്ട് നിക്ഷേപങ്ങളും കാലാവധി പൂർത്തീകരിക്കുമ്പോൾ ഓട്ടോ റിന്യൂവൽ ചെയ്യുന്നുണ്ട്. മാത്രമല്ല തുക ആവശ്യമുള്ള പക്ഷം കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതുമാണ്. ആയതിനാൽ തന്നെ മേൽ സൂചിപ്പിച്ച 6 മാസ നിക്ഷേപ കാലാവധി ഒരു വർഷം ആക്കി മാറ്റിയാൽ പലിശ നിരക്കിൽ 0.5% വർദ്ധന വരുമെന്നതിനാൽ പ്രതിവർഷം നല്ലൊരു തുക പലിശയിനത്തിൽ അധിക വരുമാനം ലഭിക്കുന്നതാണ്. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം (പ്രോ.നം - 274/22) - പൂർത്തീകരണ വിവരം ലഭ്യമല്ല

ശുചിത്വ മിഷൻ വികസിപ്പിച്ചെടുത്ത ഹരിത മിത്രം സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി കെൽട്രോണിന്റെ സഹായത്തോടെ ഹരിത കർമ്മസേനയുടെ നേതൃത്വത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം എന്ന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് കെൽട്രോണും ശുചിത്വ മിഷനുമായി 19.3.2022ൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുകയുണ്ടായി. കരാറിലെ നിബന്ധന പ്രകാരം പദ്ധതിയുടെ മേൽനോട്ടം, സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നിവയ്ക്കായി കെൽട്രോണിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,42,900/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 22/23.1.23) മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് കെൽട്രോണിൽ നിന്നും തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ കെൽട്രോണിന് നൽകിയ 1,42,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം. 464/25.3.22 - 142900/-

## 1-24 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി അധിക നിരക്കിൽ നൽകി

പ്രോജക്ട് നം S0038/22 – പാലിന് സബ്സിഡി

അടങ്കൽ-3313726

വി.ഫണ്ട് -പൊതുവിഭാഗം-1413726/-

ബ്ളോക്ക് വിഹിതം -1400000/-

ജില്ലാ പഞ്ചായത്ത് -500000/-

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടിലുൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലുള്ള 5 ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4/- രൂപ നിരക്കിൽ (ഒരു വർഷം ഒരു കർഷകന് പരമാവധി 40000) കണക്കാക്കി അത്രയും തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നുതന്നെ 4/- രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം ലിറ്ററിന് 4/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം/ തീയതി | ക്ഷീരസംഘങ്ങളുടെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 2/2020-21 Dt 24.11.21 -741969 | ജൂൺ, ജൂലൈ മാസത്തിലെ പാലളവ് 185492x4=741968 | 185492x3=556476 | 185492 |
| 2 | 3/2020-21 Dt25.1.22-671757 | ഓക്ടോബർ, നവംബർ, ഡിസംബർ മാസത്തെ പാലളവ് 167939x4=671756 | 167939x3=503817 | 167939 |
| ആകെ | | | | 353431 |

വികസനഫണ്ടിൽ നിന്നുതന്നെ 4/- രൂപ നിരക്കിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (23/23.1.23)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് മാത്രം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 1-25 നിയമാനുസൃതമല്ലാതെ റോഡ് വർക്ക് നടത്തിയത് - തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിന് 10000/- രൂപയ്ക്കുതാഴെ മാത്രമുള്ള തുകയുടെ പെറ്റിവർക്കുകൾ മാത്രമാണ് ഏറ്റെടുക്കാൻ അനുമതിയുള്ളത്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

1. AS കനാൽ ബണ്ട് റോഡ് റിപ്പയറിംഗ്

വൗച്ചർ നം. 950/23.11.21 ചെക്ക് നം.5684927 – 98200/- രൂപ

ഗ്രാമപഞ്ചായത്ത് മേൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം 23-ാം വാർഡിൽ ചെയ്ത പെറ്റിവർക്കിനായി 98200/- രൂപ ചെലവഴിച്ചിട്ടുണ്ട്. 23-ാം വാർഡിൽ ASകനാൽ ബണ്ട് റോഡ് പൊട്ടിപ്പൊളിഞ്ഞ് അപകടാവസ്ഥയിലായതിനാൽ റോഡ് നന്നാക്കണമെന്ന വാർഡ് മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 12.10.21ലെ 1 (3)-ാം നമ്പർ തീരുമാനപ്രകാരമാണ് മേൽ പ്രവർത്തി നിർവ്വഹിച്ചത്. ഈ തീരുമാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം -3 -അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ മേൽ ചട്ടം പ്രകാരം പ്രകൃതിക്ഷോഭത്തെത്തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിക്കാൻ അനുമതിയുള്ളത്. ഗവ.സർക്കുലർ 4676/പി.3/99/തസ്വഭവ, 10.1.2000, വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 23.7.2009 ലെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര സാഹചര്യത്തിൽ 10000/- രൂപയുടെ പെറ്റിവർക്കുകൾ ഏറ്റെടുക്കാവുന്നതാണ്. കൂടാതെ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ളത്.

മേൽ പ്രവൃത്തി നടത്തുന്നതിനായുള്ള അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ്, റിപ്പോർട്ട്, ക്വട്ടേഷൻ തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/21.1.23) മറുപടി ലഭ്യമാക്കിയില്ല.

ഈ പ്രവർത്തിയിൽ ഗംഗാ ഏജൻസീസ്, എസ്.എൽ. പുരം എന്ന സ്ഥാപനത്തിൽ നിന്നും 28000/- രൂപയ്ക്ക് കോൺക്രീറ്റ് പൈപ്പും കോളറും വാങ്ങിയത് ഉൾപ്പെടെ വിവിധ ഇനങ്ങൾക്കായി ആകെ ചെലവഴിച്ച 98200/- രൂപയും ശ്രീ. അബൂബക്കർ ആശാൻ എന്നയാളുടെ അക്കൗണ്ടിലേക്കാണ് നല്കിയിരിക്കുന്നത്. ടിയാൾക്ക് ക്വട്ടേഷൻ നല്കിയത് സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും വൗച്ചറിലും ഇല്ല.
ഈ പ്രവർത്തിയുടെ ക്വട്ടേഷൻ വിവരങ്ങളും ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ എസ്റ്റിമേറ്റ്, റിപ്പോർട്ട് എന്നിവയും ചെലവ് രേഖകളും ഹാജരാക്കാത്തതിനാൽ ചെലവ് തുക 98200/- രൂപ തടസ്സപ്പെടുത്തുന്നു.

2. കറ്റാനം -കളത്തിൽ റോഡ്

വൗച്ചർ നം. 746/2.11.21 പ്രകാരം കറ്റാനം കളത്തിൽ റോഡ് പെറ്റിവർക്കിനായി 9850/- രൂപ അനുവദിച്ചിട്ടുണ്ട്.
ചെലവിനം
ബിൽ നം. 37- 12500/-
ബിൽ നം.433 – 4725/-
ആകെ – 17225/-
എന്നാൽ വൗച്ചർ നം. 747/2.11.21 പ്രകാരം വീണ്ടും 9850/- രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നു.
ബിൽ നം. 38- 12500/-
ബിൽ നം.432 – 5400
ആകെ – 17900/-
എന്നാൽ മേൽ പ്രവർത്തിക്ക് 9850/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത്. ബിൽ തുകകളും നല്കിയ തുകയും തമ്മിൽ വലിയ അന്തരവുമുണ്ട്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/21.1.23) മറുപടി ലഭ്യമാക്കിയില്ല.
മേൽ പ്രവർത്തിക്ക് ആകെ 19700/- രൂപ (ചെക്ക് നം. 65042) നല്കിയിട്ടുള്ളതായി കാണുന്നു. 10000/- രൂപയ്ക്കുള്ള പെറ്റി വർക്കുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കുവാൻ അനുമതിയുള്ളത്. മേൽ പ്രവർത്തിക്ക് 9850/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമുള്ളതിനാൽ അധികമായി ചെലവഴിച്ച 9850/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം/ വൗച്ചർ നം. | ഫണ്ടിനം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 01 | ആർദ്രമീ ആര്യാട് - ബ്ലോക്ക് വിഹിതം നൽകൽ (പ്രോ.നം. 87/22) | 85,458/- | 6445/16.12.21 | വികസന ഫണ്ട് പൊതു വിഭാഗം | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് |
| 02 | വളവനാട് CFLTC-യ്ക്ക് വിഹിതം നൽകൽ (പ്രോ.നം- 272/22) | 5,00,000/- | 22101631/ 19.3.22 | തനത് ഫണ്ട് | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് |
| 03 | അഗതി രഹിത കേരളം (നം. 02/22) | 3,00,000/- | 0780/ 15.11.21 | വികസന ഫണ്ട് പൊതു വിഭാഗം | കുടുംബശ്രീ സി.ഡി.എസ് |
| 04 | ഐ.കെ.എം വിഹിതം നൽകൽ (നം. 01/22) | 1,27,753/- | 2544/ 29.10.21 | വികസന ഫണ്ട് പൊതു വിഭാഗം | ഐ.കെ.എം |
| | ആകെ | 10,13,211/- | | | |

രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 32/24.1.23) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് തുക 10,13,211/- തടസ്സപ്പെടുത്തുന്നു.

## 1-27 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 238/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടി. ഈടാക്കിയില്ല. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതും ജി.എസ്.ടി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം അപാകതകൾ സംബന്ധിച്ച്

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം. 195/31.5.21, ചെക്ക് നം. 62511 പ്രകാരം 10000/- രൂപ വീതം 23 വാർഡുകൾക്കുമായി 230000/- നല്കിയിട്ടുണ്ട്. ആയതിന്റെ ചെലവിനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിലാളികൾ ജോലി ചെയ്തതിന്റെ ചെലവ് വൗച്ചറുകൾക്കൊപ്പം മസ്റ്റർ റോളുകൾ സൂക്ഷിക്കുന്നില്ല.

2. പല വാർഡുകളും സാമ്പത്തിക വർഷാവസാനമാണ് ചെലവ് ചെയ്യുന്നതിനായി തുക പിൻവലിച്ചിട്ടുള്ളത്.

3. ചെലവ് വൗച്ചറുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗം (വാർഡ് തല ചെയർമാൻ) സാക്ഷ്യപ്പെടുത്തുന്നില്ല.

4. 31.3.22 ൽ വാർഡ് 16 ന്റെ അക്കൗണ്ടിൽ 90849/- രൂപയും വാർഡ് 7 ന്റെ അക്കൗണ്ടിൽ 52723/- രൂപയും വാർഡ് 8 ന്റെ അക്കൗണ്ടിൽ 32808/- രൂപയും നിലനിൽക്കുന്നു. ഇത്രയധികം തുക നിഷ്ക്രിയമായി അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/24.1.23) മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ - ക്വട്ടേഷൻ ഇല്ലാതെ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

1. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രിന്റിംഗ് ജോലികൾക്കായി വൻതുകകൾ വിവിധ വൗച്ചറുകൾ പ്രകാരം Tone Offset, Pathirappally എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ:-വൗച്ചർ നം.1265/29.1.22, രൂ. 44450/-,

വൗച്ചർ നം.1568/21.3.22 - രൂ.6050/-)

2. സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായും വലിയ തുകകൾ ചെലവഴിച്ചിട്ടുണ്ട്.

ഉദാ:-വൗച്ചർ നം.991/30.11.21 - രൂ.23900/-

വൗച്ചർ നം.1746/24.3.22 – രൂ.11500/-)

പ്രിന്റിംഗ് ജോലികളുടെയും സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന്റെയും ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/21.1.23) മറുപടി ലഭ്യമാക്കിയില്ല.
ജി.ഒ.(പി.)നം.259/2010/തസ്വഭവ, തീ.08.11.2010 പ്രകാരം 5000/- രൂപ വരെയുള്ള തുകയ്ക്കാണ് പെറ്റി പർച്ചേസുകൾ അനുവദനീയമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് 5000/- രൂപയ്ക്ക് മുകളിലും 25000/- രൂപയ്ക്ക് താഴെയുമുള്ള തുകയ്ക്കുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേന ലോക്കൽ ഷോപ്പിംഗ് നടത്താവുന്നതാണ്.
സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി.)നം.03/2013.എസ്.പി.ഡി., തീ.21.6.13 )ലെ പൊതു സമാഹരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 6.1 പ്രകാരം വാർഷിക ആവശ്യകതാ നിർണ്ണയം നടത്തേണ്ടതും ഖണ്ഡിക 7.6, 7.31 എന്നിവ പ്രകാരം 15000/- രൂപയിൽ അധികരിക്കുന്നതും 1 ലക്ഷം രൂപയിൽ താഴെയുള്ളതുമായ വാങ്ങലുകൾ ക്വട്ടേഷൻ മുഖേന നടത്തേണ്ടതുമാണ്. ഖണ്ഡിക 7.8 മുതൽ 7.10 പ്രകാരം 1 ലക്ഷത്തിലധികരിക്കുന്ന വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതിയും അനുവർത്തിക്കേണ്ടതാണ്.

## 1-30 കമ്മ്യൂണിറ്റി ഹാൾ ടോയ്‌ലെറ്റ് ക്ലീനിംഗ് - ഉപയോഗിക്കാത്ത ദിവസങ്ങളിലും വേതനം നല്കിവരുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ചുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് വൃത്തിയാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31.12.21 വരെ പ്രതിദിനം 150/- രൂപ നിരക്കിലും അതിനുശേഷം 250/- രൂപ നിരക്കിലും പ്രതിമാസം വേതനം നല്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തികവർഷം വളരെക്കുറച്ച ദിവസങ്ങളിൽ മാത്രമാണ് കമ്മ്യൂണിറ്റിഹാൾ ഉപയോഗിച്ചിട്ടുള്ളത്.

മേൽ പ്രവർത്തിയുടെ ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമാക്കുന്നതിനായും ഇപ്രകാരം എല്ലാ ദിവസത്തെയും വേതനം നല്കുന്നതിനും വിശദീകരണമാരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.1.23) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗമില്ലാത്ത ദിവസങ്ങളിലേക്ക് വേതനം നല്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 കാഷ്വൽ സ്വീപ്പർ വേതനം സംബന്ധിച്ച്

മാർക്കറ്റ് റോഡ്, സാംസ്കാരിക നിലയം കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തുവരുന്ന ശ്രീമതി സുഷമ, തൊങ്ങുംതറയിലിന്റെ വേതനത്തിന്റെ വൗച്ചറുകളിൽ ടിയാൾ പാർട്ട് ടൈം സ്വീപ്പർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം കാഷ്വൽ സ്വീപ്പറുടെ (പാർട്ട് ടൈം) പ്രതിമാസവേതനം 8000/- രൂപയാണ്. എന്നാൽ ടിയാൾക്ക് നിലവിൽ ഫുൾടൈം സ്വീപ്പറുടെ ദിവസവേതനമായ 675/- രൂപ നിരക്കിൽ വേതനം നല്കിവരുന്നു. വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/21.1.23) മറുപടി ലഭ്യമാക്കിയില്ല. ടിയാളുടെ തസ്തിക സംബന്ധിച്ചും പ്രതിമാസ വേതനം സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-32 ബസ് സ്റ്റാന്റ് - അവധി ദിവസങ്ങളിൽ വണ്ടിപ്പേട്ട പിരിവ് നടത്തുന്നില്ല

മണ്ണഞ്ചേരി ബസ് സ്റ്റാന്റിലെ വണ്ടിപ്പേട്ട പിരിവിനായി പ്രതിമാസം 1500/- രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നും വേതനം നല്കിവരുന്നു.

താഴെപ്പറയുന്ന ദിവസങ്ങളിൽ തുക പിരിക്കാത്തതായി കാണുന്നു

4.4.21, 16.1.21. ദിവസങ്ങളിൽ പിരിവ് നടത്തിയിട്ടില്ല.

07.11.2021 മുതൽ രണ്ടാം ശനിയാഴ്ച്ചകളിലും ഞായറാഴ്ച്ചകളിലും പിരിവ് നടത്തുന്നില്ല. ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ പഞ്ചായത്ത് നിർദ്ദേശം നല്കുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/21.1.23 ) മറുപടി ലഭ്യമാക്കിയില്ല.
പ്രതിമാസ നിരക്കിൽ വേതനം നല്കി പിരിവ് നടത്തുമ്പോൾ അവധി ദിവസങ്ങളിൽ പിരിവ് നടത്താത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

വെറ്ററിനറി സർജൻ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

1) പ്രോജക്ട് നം. 68/22 – പെണ്ണാട് വിതരണം (എസ്.സി.)

അടങ്കൽ 12000/- (വി, ഫണ്ട്. - റ്റി.എസ്.പി)

ചെലവ്- 12000/- (ട്രഷറി BRN No. 636308/11.11.21)

തുക ശ്രീ. ഗോപി. എം.ജി.യുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും ആടിനെ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

2. താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകളും ട്രഷറി ബിൽബുക്കും ഓഡിറ്റിൽ ഹാജരാക്കിയില്ല

| ക്രമ നം. | പ്രോജക്ട് | ഫണ്ടിനം | ചെലവ് തുക |
|---|---|---|---|
| 1 | 62 (New)- കന്നുകുട്ടി പരിപാലനം | വികസന ഫണ്ട് (പൊതുവിഭാഗം ) | 625000/- |
| 2 | 175 (S.O.) - സുഭിക്ഷകേരളം - ആടുവളർത്തൽ | വികസന ഫണ്ട് (പൊതുവിഭാഗം )<br>മറ്റുള്ളവ (ഗുണ.വിഹിതം) | 153900/-<br>153900/-<br>ആകെ-307800/- |

| | | | |
|---|---|---|---|
| 3 | 176 (S.O.) - സുഭിക്ഷകേരളം - പോത്തുകുട്ടി വളർത്തൽ | തനത് ഫണ്ട് - മറ്റുള്ളവ (ഉണ.വിഹിതം) | 467400/-<br>467400/-<br>ആകെ-934800/- |
| 4 | 174 (S.O.) - പ്രളയം - ആട് വളർത്തൽ | തനത് ഫണ്ട് മറ്റുള്ളവ (ഉണ.വിഹിതം) | 87300/-<br>87300/-<br>ആകെ -174600/- |
| 5 | 179 (S.O.) - സുഭിക്ഷകേരളം - പശുക്കുട്ടി വളർത്തൽ | തനത് ഫണ്ട് മറ്റുള്ളവ (ഉണ.വിഹിതം) | 148200/-<br>148200/-<br>ആകെ-296400/- |
| 6 | 60 (New)- മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ | മെയി.ഫണ്ട് (റോഡിതരം) | 250000/- |
| | ആകെ | | 2588600/- |

ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/24.1.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 2600600/- (12000 + 2588600) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-34 പാലിയേറ്റീവ് കെയർ - ഭക്ഷണച്ചെലവ് നഴ്സിന്റെ അക്കൗണ്ടിലേക്ക് നല്കുന്നത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ(മണ്ണഞ്ചേരി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിക്കായി തുക ചെലവഴിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) പ്രോജക്ട് നം. 160/21-22 (SO) – പാലിയേറ്റീവ് കെയർ –
അടങ്കൽ – 39910/- ( വിക. ഫണ്ട് -പൊതു വിഭാഗം)
ചെലവ് – 39910/- (ട്രഷറി ബിൽ നം. 01/16.7.21)
ഭക്ഷണച്ചെലവ് -5480/-

ബി) പ്രോജക്ട് നം. 70/21-22 (New) – പാലിയേറ്റീവ് കെയർ –
അടങ്കൽ – 800000/- ( വിക. ഫണ്ട് -പൊതു വിഭാഗം)
ചെലവ് – 341200/- (ട്രഷറി ബിൽ നം. 2 മുതൽ 7 വരെ)
ഭക്ഷണച്ചെലവ് – 39200/-

1. പാലിയേറ്റീവ് കെയറിനായുള്ള ഭക്ഷണച്ചെലവിനത്തിൽ തൻവർഷം 44680/- (5480+39200) രൂപ ചെലവഴിച്ചിട്ടുണ്ട്. ബില്ലുകളെല്ലാം ഹോട്ടൽ രേവതി, കോമളപുരം, ആലപ്പുഴയുടേതാണ്. എന്നാൽ തുക പൂർണ്ണമായും പാലിയേറ്റീവ് കെയർ നഴ്സിന്റെ അക്കൗണ്ടിലേക്കാണ് നല്കിയിട്ടുള്ളത്.

ജി. ഒ.(പി) നം.177/2006/ഫിൻ, തീയതി.12.4.2006 സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം 1000/- രൂപയിൽ അധികരിക്കുന്ന ചെലവുകൾ ബന്ധപ്പെട്ട കക്ഷികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കേണ്ടതാണ്. കൂടാതെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (സാധാ) നം. 553/2019/തസ്വഭവ., തീ.07.3.19) ഖണ്ഡിക 2.6.5 പ്രകാരം ഭക്ഷണച്ചെലവ് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭിക്കുവാനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് പ്രകാരം തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 നിർദ്ദിഷ്ട വിൻഡോ മാതൃകയിൽ പത്രപ്പരസ്യം നൽകാത്തത് അധികചെചലവിന് ഇടയാക്കുന്നു

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ. വലിപ്പം) ആയിരിക്കേണ്ടതാണ്. പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും പരസ്യങ്ങൾക്ക് അവയുടെ നിരക്കിൽ നിന്നും 15 ശതമാനം കിഴിവ് ലഭ്യമാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷത്തെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട ദർഘാസ് പരസ്യങ്ങൾ നിശ്ചിത വലിപ്പത്തിൽ ആയിരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രത്തിന്റെ പേര് | പരസ്യത്തിന്റെ വലിപ്പം (ച.സെ.മീ.) | പ്രസിദ്ധീകരിച്ച തീയതി | ച.സെ.മീറ്ററിന് ബാധകമായ നിരക്ക് |
|---|---|---|---|---|
| 1 | ഇന്ത്യൻ എക്സ്പ്രസ് | 40 | 6/8/21 | 170 |
| 2 | ഇന്ത്യൻ എക്സ്പ്രസ് | 32 | 7/10/21 | 170 |
| 3 | ഇന്ത്യൻ എക്സ്പ്രസ് | 40 | 7/11/21 | 170 |
| 4 | ഇന്ത്യൻ എക്സ്പ്രസ് | 40 | 5/1/22 | 170 |

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ പത്രപരസ്യം നൽകിയ ഇനത്തിൽ വലിയ സാമ്പത്തിക നഷ്ടം ഗ്രാമപഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ പുന:പരിശോധിക്കേണ്ടതും തുടർവർഷങ്ങൾ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

### 1-36 ലൈബ്രറിസെസ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറികൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് ടി സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യപത്രികയുടെ ബി9 ഷെഡ്യൂളിൽ 31.3.2022ൽ 3,78,114/-രൂപ നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-37 സി.എം.ഡി.ആർ.എഫ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കിയില്ല.

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി 2018-19 ൽ ലഭിച്ച 5000/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ടി തുക എത്രയുംവേഗം സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീ കുറവായി ഈടാക്കിയത്

ഗ്രാമപഞ്ചായത്തിലെ ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| ലൈസൻസ് രജി. ക്രമ നം. | അപേക്ഷകൻ /സ്ഥാപനം | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 110 | ലേക് കനോപ്പി റിസോർട്ട് | 120040104119/30.3.21 | 15000 | 4000 | 11000 |
| | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ PCB/ALP/ICO-5546 /2019/17.11.19 പ്രകാരം മൂലധന നിക്ഷേപം 600 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സേവനമേഖലയിലെ ഈ സ്ഥാപനം ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| | | ആകെ | | | 11000 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.13/23.1.23) ലേക് കനോപ്പി റിസോർട്ട് എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും നോട്ടീസ് നല്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റത്തിനായി അധിക തുക നല്കിയത്

ബഹു. ജില്ലാ കളക്ടർ ക്വട്ടേഷൻ ക്ഷണിച്ച് നടത്തിയ പദ്ധതിയിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ടാങ്കറിൽ കുടിവെള്ളം എത്തിച്ച വാഹനത്തിന്റെ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റത്തിനായി Neswa Solutions Pvt. Ltd. എന്ന സ്ഥാപനത്തിന് പ്രതിമാസം 1300/- രൂപയും 18% ജി.എസ്.ടി.യുമാണ് നല്കേണ്ടത്. കുടിവെള്ള വിതരണം ചെയ്ത രേഖകൾ പ്രകാരം 02.4.21 മുതൽ 31.05.21 വരെ മാത്രമാണ് കുടിവെള്ളം വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ മേൽ സ്ഥാപനത്തിന് 2 മാസത്തെ തുകയ്ക്കുപകരം 3 മാസത്തെ തുകയും ജി.എസ്.ടി.യും നല്കിയിരിക്കുന്നു. (വൗച്ചർ നം.355/29.7.21 പ്രകാരം 4602/- രൂപ). ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/21.1.23) മറുപടി ലഭ്യമാക്കിയില്ല. അധികമായി നല്കിയ 1534/- രൂപയുടെ (1300+ 234(18%) ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 കറ്റാനം -കളത്തിൽ റോഡ് വർക്ക് - അധിക തുക നല്കിയത് നിരാകരിക്കുന്നു.

വൗച്ചർ നം. 746/2.11.21 പ്രകാരം കറ്റാനം കളത്തിൽ റോഡ് പെറ്റിവർക്കിനായി കമ്മിറ്റിയുടെ 23.6.21ലെ 1/5-ാം നമ്പർ തീരുമാനപ്രകാരം 9850/- രൂപ അനുവദിച്ചിട്ടുണ്ട്.

ചെലവിനം

മക്ക് – 300 (അളവ് തോത് ഇല്ല) – ബിൽ നം. 37 - 12500/-

ഹിറ്റാച്ചി 3.5 മണിക്കൂർ(മണിക്കൂറിന് 1250/-) ബിൽ നം.433 – 4725/-

ആകെ – 17225/-

എന്നാൽ വൗച്ചർ നം. 747/2.11.21 പ്രകാരം വീണ്ടും 9850/- രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

മക്ക് – 300 (അളവ് തോത് ഇല്ല) – ബിൽ നം. 37 - 12500/-

ഹിറ്റാച്ചി 4 മണിക്കൂർ(മണിക്കൂറിന് 1350/-) ബിൽ നം.433 – 5400/-

ആകെ – 17900/-

എന്നാൽ മേൽ പ്രവർത്തിക്ക് 9850/- രൂപയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത്. ഹിറ്റാച്ചി ബിൽ ഒരേ സ്ഥാപനത്തിന്റെ തുടർച്ചയായിട്ടുള്ളതാണെങ്കിലും നിരക്കിലും വ്യത്യാസം കാണുന്നു. ബിൽ തുകകളും നല്കിയ തുകയും തമ്മിലും വലിയ അന്തരവുമുണ്ട്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/21.1.23) മറുപടി ലഭ്യമാക്കിയില്ല.

മേൽ പ്രവർത്തിക്ക് ആകെ 19700/- രൂപ (ചെക്ക് നം. 65042) നല്കിയിട്ടുള്ളതായി കാണുന്നു. 10000/- രൂപയ്ക്കുള്ള പെറ്റി വർക്കുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കുവാൻ അനുമതിയുള്ളത്. മേൽ പ്രവർത്തിക്ക് 9850/- രൂപയുടെ

വാല്യൂവേഷൻ സർട്ടിഫിക്കറ്റ് മാത്രമുള്ളതിനാൽ അധികമായി ചെലവഴിച്ച 9850/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ചവർഷം | ലഭിച്ചതുക | Project Name | Expenditure | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് | 2021-22 | 360000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) 1 2 3 4 5 18 19 20 21 വാർഡുകൾ | 360000 | 0 |
| ” | 2021-22 | 1400000 | പാലിന് സബ്സിഡി | 1400000 | |
| ” | 2021-22 | 699925 | മാനസിക- ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 699925 | |
| | ആകെ | | | 2459925 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 124376 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 124376 | |
| ” | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | |
| ” | 2021-22 | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരപദ്ധതി | 100000 | |
| ” | 2021-22 | 751925 | മാനസിക- ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 751925 | |
| ” | 2021-22 | 418321 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 108231 | 310090 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ -

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 1725000 | 0 | 1725000 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 108231 | 0 | 108231 |
| KWA | പൈപ്പ് ലൈൻ വലിക്കൽ | | 4600000 | 0 | 4600000 |
| KWA | പൈപ്പ് ലൈൻ | | 416000 | 0 | 416000 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ - അധിക തുക നൽകൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| Life Mission | | 3300000 | 71408420 | 6776000 | | 67932420 | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 21,463,310.00 |
| തൻവർഷം നിക്ഷേപിച്ച തുക | 1,415,115.00 |
| ആകെ | 22,878,425.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22,878,425.00 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2015-16 | | പി.എച്ച്.സി. കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ. ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934/-രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈടാക്കിയ നികുതി 1000/-ആണ്. | 24.06.2017 തീയതിയിലെ 117010100811 നമ്പർ രസീത് പ്രകാരം ശേഷിച്ച250/- രൂപ അടവാക്കിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | ശേഷിച്ച 250/-രൂപ ഈ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. | |
| | | | | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി 16-11-2016 – ലെ 11605400015 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട്. |
| | | | | കേരള ഗ്രാമീൺ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | കേരള ഗ്രാമീൺബാങ്ക് 15-16 സാമ്പത്തിക വർഷംരണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ആയത് ഈടാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ അടവാക്കി യിട്ടില്ല. |
| | | | | എസ്.ബി.ഐ.കലവൂർ - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല. | എസ്.ബി.ഐ. കലവൂർ 22-12-2016– ലെ 11605104902 രസീത് പ്രകാരം 2500/-രൂപ അടവാക്കി യിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 129942776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 132863708 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11150 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12995278 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11000 | | ശ്രീ. ജോജോസ് ബൈജു സെക്രട്ടറി |
| 3-1 | | 1300 | ശ്രീമതി. ജയകല, സെക്രട്ടറി |
| 3-2 | | 9850 | ശ്രീ. ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| ആകെ | 11000 | 11150 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 11128 | ശ്രീമതി. ജയകല,സെക്രട്ടറി-2128 ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി – 9000 |
| 1-17 | 5016000 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-19 | 1980000 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-20 | 1833231 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-21 | 300008 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-23 | 142900 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-25(1) | 98200 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-26 | 1013211 | ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി |
| 1-33 | 2600600 | ഡോ.ഇന്ദു, വെറ്ററിനറി സർജൻ |
| ആകെ | 12995278 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-12 | 8400 |
| 1-13 | 234 |
| 1-18 | 9316 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോജോസ് ബൈജു സെക്രട്ടറി | വിരമിച്ചു | അപ്പത്തറ ഹൗസ്, പാതിരപ്പള്ളി പി.ഒ, ആലപ്പുഴ 688521 |
| ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സെക്രട്ടറി | സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ആമീൻ മൻസിൽ, സക്കറിയ ബസാർ പി.ഒ., ആലപ്പുഴ |
| ശ്രീമതി. ജയകല, സെക്രട്ടറി | സെക്രട്ടറി, | ലഭ്യമല്ല. |
| ഡോ.ഇന്ദു, വെറ്റെറിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, കാവുങ്കൽ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | Skyline Ivy League ഇടച്ചിറ, കാക്കനാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5-1832/11/30.01.2012 |
| 2006-07 | എൽ.എഫ്.ജി.എ.16-292/10/20.08.10/30.10.2010 |
| 2007-08 | എൽ.എഫ്.ജി.എ.16-293/10/20.08.10/30.10.2010 |
| 2008-09 | എൽ.എഫ്.ജി.എ.പി.9-1220/11/16.04.12 /09.07.2012 |
| 2009-10 | എൽ.എഫ്.ജി.എ.പി.9-1221/11/16.04.12/09.07.2012 |
| 2010-11 | എൽ.എഫ്.ജി.എ.പി.9-1066/12/11.12.2012 |
| 2011-12 | എൽ.എഫ്.ജി.എ.പി.9-340/14/29.04.14 /12.06.2014 |
| 2012-13, 2013-14 | കെ.എസ്.എ-എ.പി.ഇസഡ്-പി.9/1037 /15/01.09.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി13-781/16/15.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1331/16/17.11.2016 /20.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി 13-1049/17 /05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.-പി13-89/2019 /24.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി.-പി9/139 /2020/10.02.2020 |
| 2019-20 | കെ.എസ്.എ.എ.എൽ.പി.-പി9/233/2022 തീ. 27.03.2022 |

| | |
|---|---|
| 2020-21 | കെ.എസ്.എ.എ.എൽ.പി.-പി9/701/2022/16.7.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്